**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 2093** **17.12.2012-ൽ മറുപടിക്ക്.**

## പെരിങ്ങോട്ടുകരയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ പെരിങ്ങോട്ടുകരയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച പുതിയ പോലീസ് സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ ; | : (എ) തൃശ്ശൂർ ജില്ലയിലെ പെരിങ്ങോട്ടുകരയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച വിശദമായ നിർദ്ദേശം സമർപ്പിക്കാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിന്റെ നിർമ്മാണം എന്നു മുതലാണ് ആരംഭിക്കുന്നത് ; നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ ? | : (ബി) നിലവിലുള്ള പഴയ പോലീസ് ഔട്ട് പോസ്റ്റ് കെട്ടിടവും 4 ഫാമിലി ക്വാർട്ടേഴ്സും മൂല്യം നിർണ്ണയിച്ച് ലേലത്തിന് വച്ചെങ്കിലും ലേല തുക അധികമായതിനാൽ ആരും ലേലത്തിൽ പങ്കുകൊണ്ടില്ല. ആയതിനെ തുടർന്ന് തുക പരമാവധി കുറച്ച് നിർണ്ണയിക്കുന്നതിന് വകുപ്പുതലത്തിൽ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ